## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6020

28/10/2011 ൽ
മറുപടിയ്ക്ക്

### തസ്തികമാറ്റം / ആശ്രിതനിയമനം വഴിയുള്ള നിയമനങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ വ്യാജ ബിരുദമുള്ള ആരെങ്കിലും പൊതുഭരണ/ഫിനാൻസ് വകുപ്പിൽ ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ; | എ) | ഈ വിഷയത്തിൽ ഒരു പരാതി ലഭിച്ചതിനെത്തുടർന്ന് വകുപ്പുതല അന്വേഷണം നടന്നു വരുന്നു. |
| ബി) പ്രസ്തുത വിഷയം സംബന്ധിച്ച് കൺന്റോൺമെന്റ് പോലീസ് കേസ് എടുത്തിട്ടുണ്ടോ ; അന്വേഷണ പുരോഗതി വ്യക്തമാക്കുമോ; | ബി) | ഇതു സംബന്ധിച്ച് പോലീസ് കേസുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) പി.എസ്.സി. വഴിയല്ലാതെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്/ഓഫീസർ തസ്തികയിൽ പ്രവേശിക്കുന്നവരുടെ ബിരുദ സർട്ടിഫിക്കറ്റുകൾ പി.എസ്.സി. വഴി പരിശോധിച്ച് വിശ്വാസ്യത ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | സി) | പി.എസ്.സി. വഴിയല്ലാതെ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കപ്പെടുന്നവരുടെ ബിരുദ സർട്ടിഫിക്കറ്റുകൾ പി.എസ്.സി വഴി പരിശോധിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ